# കേരള സർവകലാശാല

നം.പി.ആർ.113/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പരീക്ഷാ കേന്ദ്രങ്ങൾക്ക് ഓപ്ഷൻ നൽകാം

ജൂലൈ ഒന്ന് മുതൽ ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ പഞ്ചവത്സര എൽ. എൽ. ബി പരീക്ഷകൾക്ക് പരീക്ഷാ കേന്ദ്രങ്ങളിൽ മാറ്റം ആവശ്യമുള്ള വിദ്യാർത്ഥികൾ മാത്രം സ്റ്റുഡൻറ്സ് പോർട്ടലിൽ 2020 ജൂൺ 26 വൈകുന്നേരം മൂന്നു മണി വരെ ഓപ്ഷൻ രജിസ്ട്രഷേൻ ചെയ്യാവുന്നതാണ്. പ്രസ്തുത വിദ്യാർത്ഥികൾക്ക് ഹാൾ ടിക്കറ്റ് പ്രിൻസിപ്പാൾ മുഖേന ഇ - മെയിലിൽ ലഭ്യമാക്കുന്നതാണ്. സംശയനിവാരണത്തിന് 9495832324 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ് .

### പരീക്ഷാ സമയമാറ്റം

ജൂലൈ ഒന്ന് മുതൽ ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ബി.എ എൽ.എൽ.ബി /ബി.കോം എൽ.എൽ.ബി / ബി.ബി.എ എൽ.എൽ.ബി പരീക്ഷകൾ ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെയും വെള്ളിയാഴ്ച്ചകളിൽ 2 മണി മുതൽ 5 മണി വരെയും ആയി പുന:ക്രമീകരിച്ചിരിക്കുന്നു.

### ടൈം ടേബിൾ

2020 ജൂണിൽ നടത്തിയ ആറാം സെമസ്റ്റർ ബി. എസ്. സി. ബോട്ടണി ബയോടെക്നോളജി, ബി. എസ്. സി. ബയോടെക്നോളജി മൾട്ടി മേജർ ഡിഗ്രി കോഴ്സുകളുടെ 2020 ജൂൺ 30 ന് നടത്തുവാൻ നിശ്ചയിച്ച പ്രാക്ടിക്കൽ 2020 ജൂലൈ 06 ലേക്ക് മാറ്റിവെച്ചിരിക്കുന്നു. മറ്റ് ദിവസങ്ങളിലെ പരീക്ഷകൾക്ക് മറ്റമുണ്ടായിരിക്കുന്നതല്ല . പുതുക്കിയ ടൈം ടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

ലോക്ക്ഡൌൺ കാരണം മാർച്ച് 20 മുതൽ മാറ്റി വെച്ച നാലാം സെമസ്റ്റർ സി. ബി. സി. എസ്. എസ്. (കരിയർ റിലേറ്റഡ് ) പരീക്ഷകൾ ജൂലൈ 1 മുതൽ പുനരാരംഭിക്കുന്നതാണ്. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്രോജക്ട് വൈവ

2020 ജൂണിൽ നടത്തിയ ആറാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ (എഫ്.ഡി.പി) - (2017 അഡ്മിഷൻ റെഗുലർ, 2014, 2015, 2016 അഡ്മിഷൻസ് സപ്ലിമെന്ററി, 2013 അഡ്മിഷൻ മേഴ്‌സി ചാൻസ് ) ഡിഗ്രി പരീക്ഷയുടെ പ്രോജക്ട് വൈവ 2020 ജൂൺ 29 മുതൽ അതത് കോളേജുകളിൽ നടത്തുന്നതാണ്. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## ഓൺലൈൻ രജിസ്ട്രേഷൻ

യൂണിവേഴ്‌സിറ്റി കോളേജ് ഓഫ് എഞ്ചിനിയറിംഗ് കാര്യവട്ടം, എട്ടാം സെമസ്റ്റർ ബി.ടെക്ക് (2013 സ്കീം ) ഡിഗ്രി റെഗുലർ പരീക്ഷ ജൂലൈ 2020, നാലാം സെമസ്റ്റർ ബി.ടെക്ക് (2018 സ്കീം ) ഡിഗ്രി ജൂൺ 2020 പരീക്ഷകൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദ വിവരം വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാഫലം

2019 ജൂൺ മാസം നടത്തിയ എം.എസ്.സി. സുവോളജി (പ്യുവർ & അപ്ലൈഡ് ) 2017 - 2019 ബാച്ച് (സി. എസ്. എസ്. ) പുതുക്കിയ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

2019 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.ബി.എ 2017 അഡ്മിഷൻ റെഗുലർ, 2014, 2015, 2016 അഡ്മിഷൻസ് സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദ വിവരം വെബ്സൈറ്റിൽ ലഭ്യമാണ്. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും 2020 ജൂലൈ 06 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
25.06.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300
(from mobile) 0471-2115054 and 0471-2115098